# Weekly Devotions of March -2016

## Safe in the hands of GOD

### (സുരക്ഷിതത്വം ദൈവീക കരങ്ങളിൽ)




March '4' ദേശീയ സുരക്ഷിതത്വദിനമായി കരുതുന്നു.എന്നാൽ ജനങ്ങളെ വിവിധ മേഖലകളിൽ സുരക്ഷിതത്വ ബോധമുള്ളവരാക്കുവാൻ മാർച്ച് ആദ്യവാരത്തെ ദേശീയ സുരക്ഷിതത്വവാരമായി സർക്കാർ കൊണ്ടാടുവാൻ തീരുമാനിച്ചു. നിയമങ്ങൾ പാലിക്കുക എന്നത് ഓരോ പൗരന്റെയും കടമയാണ്. നിർദ്ദേശങ്ങളും, മുന്നറിയിപ്പുകളും നൽകുന്നത് ഓരോ പൗരനും സുരക്ഷിതരാകുവാനും സന്തോഷത്തോടെ ജീവിക്കാനുമാണ്. അനുസരണ മനോഭാവം ഇല്ലാത്തവർ സുരക്ഷിതത്വത്തെ സ്വയം നഷ്ടമാക്കുന്നു.

ഒരിക്കൽ ഒരു ദൈവപൈതൽ താൻ പച്ചയായ പുൽപുറത്ത് നിൽക്കുന്നത് സ്വപ്നം കണ്ടു. പക്ഷേ അവളുടെ മുൻപിലുള്ള വഴി ഇടുങ്ങിയതും , കല്ലും മുള്ളും നിറഞ്ഞതുമായിരുന്നു. 'ഇതാണ് നിനക്കുള്ള വഴി' എന്ന് പറയുന്ന ശബ്ദം കേട്ട് അവൾ ഭയപ്പെട്ടു. ഈ വഴി സുരക്ഷിതമല്ലല്ലോ, ഞാൻ തനിയെ എങ്ങനെ മുൻപോട്ട് പോകും എന്ന് അവൾ ചിന്തിച്ചു. "ഈ വഴിയിൽ കൂടെ തന്നെ മുൻപോട്ടു പോകുക" എന്ന ഗാംഭീര്യ ശബ്ദം വീണ്ടും കേട്ടപ്പോൾ പെൺകുട്ടി മുൻപോട്ട് നടക്കുവാൻ തുടങ്ങി. സുരക്ഷിത വഴിയല്ല എന്ന് പറഞ്ഞ് നടക്കുവാൻ തുടങ്ങിയ പെൺകുട്ടി ഓരോ കാൽ മുൻപോട്ട് വയ്ക്കുമ്പോഴും സന്തുഷ്ടയായി. കുറച്ചുദൂരം നടന്ന ആ പെൺകുട്ടി ഒരു കാഴ്ച കണ്ടു, ദൈവദൂതനെപ്പോലെ ഒരാൾ അവളുടെ ഓരോ കാൽചുവടും സുരക്ഷിതമാക്കുന്നു. ദൈവത്തിന് സ്തോത്രം കരേറ്റി താൻ എത്ര ദൂരം നടന്നു എന്നറിവാൻ തിരിഞ്ഞ് നോക്കിയപ്പോഴാണ് അവളുടെ കണ്ണുകൾ ഈറനണിയിക്കുന്ന ഒരു കാഴ്ച അവൾ കണ്ടത്. അവളുടെ രക്ഷകൻ ആ വഴിയുടെ തുടക്കത്തിൽ തന്നെ നില്ക്കുന്നു. ഓരോ പാദം വയ്ക്കുമ്പോഴും സുരക്ഷിതമാക്കുന്ന ദൂതന്റെ പ്രയത്നം ദൈവിക നിയന്ത്രണത്തിലാണെന്ന് മനസ്സിലാക്കിയ കുട്ടി ദൈവത്തെ സ്തുതിച്ചു. സുരക്ഷിതത്വം നഷ്ടമായിക്കൊണ്ടിരിക്കുന്ന ഈ ലോക മരുവിൽ ദുർഘട വഴി കണ്ട് ഭയപ്പെടാതെ നമ്മുടെ വിളിയുടെ പിന്നിൽ പ്രവർത്തിപ്പാൻ തയ്യാറായി നില്ക്കുന്ന ദൈവമുണ്ടെന്ന് വിശ്വസിക്കുക.

ഫ്രാൻസിലെ ഒരു ദ്വീപിൽ പാർത്തിരുന്ന മീൻപിടുത്തക്കാർ അവരുടെ പ്രവർത്തി ആരംഭിക്കും മുൻപ് ഇപ്രകാരം

പ്രാർത്ഥിക്കാറുണ്ടായിരുന്നു. “ഞങ്ങളുടെ ദൈവമേ വിശാലമായ നിന്റെ സമുദ്രത്തിൽ ചെറുബോട്ടുകളുമായി ഞങ്ങൾ ഇറങ്ങുന്നു, ഞങ്ങളെ സംരക്ഷിക്കേണമേ”. പ്രിയരേ, ദൈവത്തിന്റെ വിശാലമായ സംരക്ഷണത്തിൽ നമ്മെയും, നമ്മുടെ ദൈനംദിന പ്രവർത്തികളെയും ഏല്പിച്ചാൽ ദൈവിക കരുതൽ ലഭിക്കുന്നു. താഴ്മയുടെ മനോഭാവത്തോടെ പ്രാർത്ഥിക്കുമ്പോഴാണ് ദൈവീകസുരക്ഷിതത്വം ലഭ്യമാകുന്നത്. ഒരു പൗരൻ നിയമം അനുസരിച്ച് ഭൂമിയിൽ ജീവിക്കുന്നതുപോലെ, സ്വർഗ്ഗീയ പൗരത്വം ആഗ്രഹിക്കുന്നവർ, ദൈവവചനത്തിലൂടെ തന്നിരിക്കുന്ന നിയമം പാലിച്ചാൽ നാം എന്നും, നിത്യതയോളം സുരക്ഷിതരായിരിക്കും. സ്വർഗ്ഗീയ പൗരത്വം പ്രാപിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## പ്രാർത്ഥന

കൂരിരുൾ താഴ്‌വരയിലെ ഭയത്തിൽ നിന്ന് വിടുതൽ തരുവാൻ ഞാൻ കൂടെയുണ്ടെന്ന് വാഗ്ദത്തം തന്ന ദൈവമേ, അങ്ങയുടെ കല്പനകളനുസരിപ്പാനുള്ള കൃപ തരേണമേ. അങ്ങയിൽ ആശ്രയിച്ച് ഭയത്തിൽ നിന്ന് , മനുഷ്യരുടെ കെണിയിൽ നിന്ന് രക്ഷ പ്രാപിപ്പാൻ സഹായിക്കേണമേ. യേശുവിൻ നാമത്തിൽ തന്നെ ആമേൻ

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind